<u>ഭരണഭാഷ മാതൃഭാഷ</u>

**സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം :- ഡിഇഎസ് - വിജിലൻസ് - ശ്രീ.ജോസ്.സി.ജേക്കബ്, സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ-ന്റെ സസ്പെൻഷൻ പിൻവലിച്ച് ജോലിയിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1) ഈ ഓഫീസിലെ 18/07/2019 ലെ ഇതേ നമ്പർ ഉത്തരവ്.
2) ഈ ഓഫീസിലെ 23/07/2019 ലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും ആരോപണ പത്രികയും.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ.ജോസ്.സി.ജേക്കബിന്റെ 17/08/2019 ലെ മറുപടി.
4) ഈ ഓഫീസിലെ 24/08/2019 ലെ ഇതേ നമ്പർ ഉത്തരവ്.
5) ശ്രീ.പി.വി.ബാബു, അഡീഷണൽ ഡയറക്ടർ (ജനറൽ)ന്റെ 25/10/2019 ലെ അന്വേഷണ റിപ്പോർട്ട്.

**<u>ഉത്തരവ് നമ്പർ വിജിലൻസ് 14644/2019/ഡിഇഎസ് തീയതി. 14/11/2019</u>**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന്റെ തൃശ്ശൂർ ജില്ലയിൽ 12/07/2019 ന് നടന്ന ഇ.എ.ആർ.എ.എസ് വാർഷിക പരിശീലന പരിപാടിയിൽ ശ്രീമതി.ദിദിക.സി, അസിസ്റ്റന്റ് ഡയറക്ടർ ക്ലാസ്സ് കൈകാര്യം ചെയ്തുകൊണ്ടിരിക്കെ തലപ്പിള്ളി താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറായ ശ്രീ.ജോസ്.സി.ജേക്കബ് അപമര്യാദയായി പെരുമാറിയതിനാൽ പരാമർശം (1) പ്രകാരം ടിയാനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നു. പരാമർശം (2) പ്രകാരം ടിയാന് കുറ്റാരോപണ മെമ്മോ നൽകുകയും പരാമർശം (3) പ്രകാരം ടിയാൻ കുറ്റാരാപണ മെമ്മോയ്ക്കുള്ള മറുപടി നൽകുകയും ചെയ്തിരുന്നു. കുറ്റാരോപണ മെമ്മോയിലെ ആരോപണങ്ങൾ ടിയാൻ നിഷേധിച്ചതിനാൽ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥനായി ശ്രീ.പി.വി.ബാബു, അഡീഷണൽ ഡയറക്ടർ (ജനറൽ) നെ പരാമർശം (4) പ്രകാരം ചുമതലപ്പെടുത്തുകയും പരാമർശം (5) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.